# ഗവ.ഫിഷറീസ് എൽ പി എസ് ,അരൂർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26 , ക്ലാസ്സ് - 1

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് അവസാനം വരെയുള്ള പ്രവർത്തനങ്ങളാണ് ഇതിൽ അവതരിപ്പിക്കുന്നത്.

## മലയാളം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും ഭാഷാപരമായ പഠന പിന്നോക്കാവസ്ഥ പരിഹരിച്ച് മികച്ച വായനക്കാർ ആക്കുക.
- ഗ്രഹിച്ച് കാര്യങ്ങൾ ലഘു വാക്യങ്ങളിലൂടെ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടാൻ സഹായിക്കുക.
- സാമൂഹിക വൈകാരിക വികാസം, സർഗാത്മക വികാസം, വൈജ്ഞാനിക വികാസം ഇവ നേടാൻ പ്രാപ്തരാക്കുക.
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ഉള്ള ശേഷിയുള്ളവരാക്കുക.
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
- തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നു.

- തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു വായിക്കുന്നു.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നേടുന്നതിനുള്ള കഴിവ് വളർത്തുക • വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്
- ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക .
- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക.
- വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണശേഷി വികസിപ്പിക്കുക
- ആശയഗ്രഹണവായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക
- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക

## പ്രവർത്തന കലണ്ടർ

| പ്രവർത്തനം | നിർവഹണകാലം |
|---|---|
| പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| വായനോത്സവം | ജൂൺ - മാർച്ച് |
| സംയുക്ത ഡയറി | ജൂലൈ - മാർച്ച് |
| ശില്പശാല | ജൂൺ - മാർച്ച് |
| രചനോത്സവം | ഒക്ടോബർ - മാർച്ച് |
| മലയാള മധുരം | ഒക്ടോബർ - മാർച്ച് |
| കഥോത്സവം/ഭാഷോത്സവം | സെപ്തംബർ - മാർച്ച് |
| റീഡേഴ്സ് തിയേറ്റർ | ജനുവരി - മാർച്ച് |
| പ്രദർശനോത്സവം | മാർച്ച് |
| പഠനോത്സവം | മാർച്ച് |

## ➔ പാട്ടരങ്ങ്

- താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെആകർഷകമായി പാട്ടുകൾ അവതരിപ്പിക്കുന്നു.
- ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും അവതരിപ്പിക്കുന്നു.
- ചൊല്ലി കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ച് ഏറ്റുചൊല്ലുന്നു.
- പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്ക് കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വയ്ക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.
- താള വൈവിധ്യമുള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു
- പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു
- പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തോടെയും സ്വതന്ത്രമായി ചൊല്ലുന്നു
- സന്ദർഭത്തിനനുസരിച്ച് ഈണത്തിലും താളത്തിലും പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടുന്നു
- പാട്ടരങ്ങിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് സഹപാഠികൾ പാടി നിർത്തിയെടുത്തുനിന്നും തുടങ്ങുകയും അവർക്ക് തുടങ്ങാൻ പാകത്തിൽ ചൊല്ലി നിർത്തുകയും ചെയ്യുന്നു.

## ✔ വായനോത്സവം

- ✔ ലൈബ്രറി ഒരുക്കൽ
- ✔ പുസ്തകവിതരണം
- ✔ അമ്മ വായന
- ✔ ഊന്നൽ അക്ഷരങ്ങൾ ഉൾപ്പെട്ട വായനക്കാർഡുകൾ വായിക്കുന്നു
- ✔ സംയുക്ത ഡയറി വായിക്കുന്നു
- ✔ വായിച്ച പുസ്തകത്തിലെ ഉള്ളടക്കം അവതരിപ്പിക്കൽ

- ✔ പുസ്തക പരിചയം
- ✔ ചിത്രകഥ നിർമ്മാണം
- ✔ രംഗങ്ങൾക്ക് അനുസരിച്ചുള്ള സംഭാഷണം തയ്യാറാക്കൽ
- ✔ സംയുക്ത വായന
- ✔ നിർദ്ദേശിക്കുന്ന ഭാഗം വായിക്കൽ.

## ■ സംയുക്ത ഡയറി

- ■ ക്ലാസ് പിടിഎ
- ■ മുൻവർഷ ഡയറി പരിചയപ്പെടൽ
- ■ അച്ചടിച്ച ഡയറികൾ കാണാൻ അവസരം
- ■ ഡയറി എഴുത്തുമുലമുള്ള മുന്നേറ്റം വ്യക്തമാക്കൽ
- ■ കുട്ടിയോടൊപ്പം വരുന്ന സംയുക്ത ഡയറി എഴുതുന്ന പ്രക്രിയ മനസ്സിലാക്കൽ
- ■ ഡയറി പരിശോധന
- ■ പരസ്പരം വിലയിരുത്തൽ
- ■ സ്വയം തിരുത്ത്
- ■ ഡയറി പ്രകാശനം
- ■ സമൂഹമാധ്യമങ്ങളിൽ പങ്കിടൽ .

## ◆ ശില്പശാല

- ◆ കളിപ്പാട്ട നിർമ്മാണ ശില്പശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ
- ◆ നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ
- ◆ നിർമ്മാണത്തിൽ വൈദഗ്ധ്യം ഉള്ളവരെ കണ്ടെത്തൽ
- ◆ അസംസ്കൃത വസ്തുക്കൾ കണ്ടെത്തൽ
- ◆ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ
- ◆ തിയതി തീരുമാനിക്കൽ
- ◆ ഉദ്ഘാടനം തീരുമാനിക്കൽ

- പ്രചാരണം
- നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.
- ചിത്രക്കാർഡുകൾ, വായനകാർഡുകൾ തയ്യാറാക്കൽ

## രചനോത്സവം

- പ്രാധാന്യം മനസ്സിലാക്കാനുള്ള ശില്പശാല
- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തിരഞ്ഞെടുക്കൽ
- ആഴ്ചയിൽ ഒരു ചിത്രം വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ
- ചിത്രസന്ദർഭത്തെ വിശകലനം ചെയ്യുന്നതിനുള്ള ചോദ്യങ്ങൾ ഉന്നയിക്കൽ
- ചോദ്യങ്ങൾ വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ
- സർഗാത്മക രചയിനയിൽ ഏർപ്പെടാനുള്ള അവസരം
- രക്ഷിതാക്കളുടെ പിന്തുണയോടെ സർഗാത്മക രചനയിൽ ഏർപ്പെടുന്നു
- കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അത് രേഖപ്പെടുത്തുകയും ചെയ്യുന്നു
- കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതുന്ന രചനകൾ തെളിവ് നൽകി എഡിറ്റിംഗ്
- എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിന് ഒന്നാകെ കയ്യെഴുത്തുകൾ പ്രകാശിപ്പിക്കുന്നു
- ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കുന്നു
- വായനക്കാർഡുകളാക്കി പ്രദർശിപ്പിക്കുന്നു
- അടുത്തുള്ള വായനശാലകൾക്ക് കൈമാറുന്നു

## ✗ മലയാള മധുരം

- ✗ ടീച്ചർ നിർദ്ദേശിക്കുന്ന ഭാഗം വായിക്കൽ
- ✗ ഇഷ്ടമുള്ള ഭാഗം വായിക്കൽ
- ✗ ചങ്ങലവായന
- ✗ ലഘു ബാലസാഹിത്യകൃതികൾ വായിക്കൽ
- ✗ വായിച്ച പുസ്തകത്തിലെ ഉള്ളടക്കം വ്യക്തമാക്കൽ
- ✗ ഭാവാത്മകവായന

- പുസ്തകപരിചയം
- വായിച്ച പുസ്തകത്തിലെ ഉള്ളടക്കം ചിത്രകഥാ രൂപത്തിൽ ആക്കൽ
- രംഗങ്ങൾ ചിത്രീകരിച്ച സംഭാഷണം എഴുതൽ

## ➢ കഥോത്സവം

- രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസ്സിൽ പങ്കിടുന്നു.
- വായനാനുഭവം പങ്കിടാനും കഥയെ പാട്ട് ആക്കാനും മാറ്റി പറയാനും ചിത്രം വരയ്ക്കാനുമുള്ള അവസരം നൽകുന്നു
- ക്ലാസ് പിടിഎയിൽ പുസ്തക വായന
- വായിച്ച  പുസ്തക അവതരണം
- ടീച്ചർ നിർദ്ദേശിക്കുന്ന ഭാഗം വായിക്കൽ
- ഇഷ്ടമുള്ള ഭാഗം വായിക്കൽ
- ബാലസാഹിത്യകൃതികൾ സമൂഹത്തിനു മുമ്പാകെ വായിക്കുന്നു
- വായിച്ച പുസ്തകത്തിലെ ഉള്ളടക്കം വീഡിയോയിലൂടെ പങ്കിടുന്നു
- ഭാവാത്മക വായന നടത്തുന്നതിന്റെ വീഡിയോ പങ്കിടൽ
- പുസ്തകത്തെ പരിചയപ്പെടുത്തൽ
- വായിച്ച പുസ്തകത്തിലെ ഉള്ളടക്കം ചിത്രകഥാ രൂപത്തിലാക്കൽ
- രംഗങ്ങൾ ചിത്രീകരിച്ച സംഭാഷണം എഴുതൽ
- സംയുക്ത വായന

## ★ റീഡേഴ്സ് തിയേറ്റർ

- ക്ലാസ് പിടിഎയിൽ ചർച്ച ചെയ്യൽ
- ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം
- ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു
- കഥാപാത്രങ്ങൾ സംഭവങ്ങൾ സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തിരഞ്ഞെടുക്കൽ
- കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കൂട്ടത്തെ തീരുമാനിക്കൽ

- ഓരോരുത്തരും കഥാപാത്രങ്ങളെ തിരഞ്ഞെടുക്കൽ
- കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ
- വായിക്കേണ്ട ക്രമം തീരുമാനിക്കൽ
- അവതാരകനെ തീരുമാനിക്കൽ
- അവതാരകൻ പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ
- വേദിയിൽ അവതരണം
- റെക്കോർഡ് ചെയ്ത് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച് ധാരണ രൂപീകരണം
- അവതരണം .

## പ്രദർശനോത്സവം

- പാഠഭാഗത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയിട്ടുള്ള കളിപ്പാട്ടങ്ങൾ പ്രദർശനം
- മാഗസിൻസ് പ്രദർശനം
- ശേഖരണങ്ങൾ പ്രദർശനം
- സംയുക്ത ഡയറി
- കുട്ടിക്കഥകൾ
- ചിത്രകഥകൾ പാട്ടുകൾ
- സംഭാഷണം പോലുള്ള വ്യവഹാര രൂപങ്ങൾ അവതരണം
- രക്ഷകർത്താക്കളുടെ സഹായത്തോടെയും സ്വന്തമായും കുട്ടികൾ തയ്യാറാക്കിയിട്ടുള്ള വായന കാർഡുകൾ പ്രദർശനം
- പാഠഭാഗങ്ങളുടെ ഭാഗമായി കുട്ടികൾ വരച്ചിട്ടുള്ള ചിത്രങ്ങളുടെ പ്രദർശനം

## പ്രവർത്തനങ്ങൾ

### ജൂൺ

- സചിത്ര നോട്ടുബുക്ക് , അക്കാദമി മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ .
- സചിത്ര ഡയറി ,സംയുക്ത ഡയറി എന്നീ ആശയങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്രകാർഡുകൾ വായനക്കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടികൾക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായനാ മൂല , ക്ലാസ് ലൈബ്രറി ഇവ ഒരുക്കൽ
- രക്ഷിതാവിൻറെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
- ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു .വാചകമായി പറയാൻ അവസരം നൽകുന്നു

## ഓഗസ്റ്റ്

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, മലയാള മധുര പ്രവർത്തനങ്ങൾ നടത്തി ഭാഷാ വികസത്തിന് അവസരം ഒരുക്കുന്നു
- സംയുക്ത ഡയറി തുടരുന്നു
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രകാർഡുകൾ, വായനക്കാർഡുകൾ എന്നിവ തയ്യാറാക്കുന്നു
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യദിനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
- സ്വാതന്ത്ര്യരചന പരിപോഷിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
- അനുഭാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു

## ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആക്കി മാറ്റാൻ അവസരം നൽകുന്നു
- ആസ്വാദ്യകരമായ വായന നടത്തുന്നു

- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായി അവതരിപ്പിക്കുകയും ചെയ്യുന്നു
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു

## നവംബർ

- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു
- കൂട്ടവായന ,നാട്ടുവായന ,വീട്ടുവായന ,ചിത്രവായന ഇവ പ്രോത്സാഹിപ്പിക്കുന്നു
- വായനോത്സവം ,രചനോത്സവം ഇവ  തുടരുന്നു
- പത്രവായനയ്ക്ക് അവസരം നൽകുന്നു
- താളാത്മകമായി കവിതകൾ ചൊല്ലുന്നു

## ഡിസംബർ

- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
- ലഘു കവിതകൾ ,കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു .മെച്ചപ്പെടുത്തുന്നു

## ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് നയിക്കുന്നതിനു വേണ്ടിയുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു
- റീഡേഴ്സ് തിയറ്റർ ,വായനക്കാർഡുകൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്ര വായനക്കാരാകുന്നു
- കുട്ടികൾ എഴുതിയ ചെറുകവിതകൾ ,കഥകൾ പ്രകാശിപ്പിക്കുന്നു
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ഉൾപ്പെടുത്തി കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു

## ഫെബ്രുവരി

- ഭാഷോത്സവം , രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സ്വതന്ത്ര രചനകൾ നടത്തി കുഞ്ഞുങ്ങളുടെ സ്വന്തം പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു

## മാർച്ച്

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു
- വീട്ടുവായന , കൂട്ട വായന ,നാട്ടുവായന ,അമ്മ വായന ,ചങ്ങല വായന ,സ്വതന്ത്ര വായന എന്നിവക്ക് പ്രോത്സാഹനം നൽകുന്നു
- കുട്ടികളുടെ മികച്ച രചനകൾ വായനക്കാർഡുകൾ ആക്കി മാറ്റുന്നു
- കുട്ടികളുടെ രചനകൾ ഓരോ പതിപ്പുകൾ ആക്കി മാറ്റുന്നു

# ഗണിതം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും. ശാസ്ത്രത്തിലും മറ്റ് ഇതരപ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

- വസ്തുക്കളെ താരതമ്യം ചെയ്ത് കൂട്ടങ്ങൾ ആക്കുക ,എണ്ണുക
- ഒന്നുമുതൽ 50 വരെ എണ്ണുക എഴുതുക
- വലിപ്പത്തിനനുസരിച്ച് സംഖ്യകളെ ക്രമീകരിക്കുക
- ഒരക്ക സംഖ്യകളുടെ സങ്കലനം വ്യവകലനം
- ഒരു സംഖ്യ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുക
- ജാമിതീയ രൂപങ്ങൾ
- രൂപയും പൈസയും

## പ്രവർത്തനങ്ങൾ

### ജൂൺ

- വിവിധ വസ്തുക്കൾ വലുത് /ചെറുത് ,കൂടുതൽ /കുറവ് ,അടുത്ത് /അകലെ, അകത്ത്/പുറത്ത് തുടങ്ങി താരതമ്യം ചെയ്യൽ
- കൂട്ടങ്ങളെ ചെറിയ കൂട്ടം ,വലിയ കൂട്ടം
- ഒന്നു മുതൽ 10 വരെ എണ്ണാം എഴുതുക
- സംഖ്യകളെ ആരോഹണം , അവരോഹണം എഴുതുക

ആഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- കൂടുതൽ, കുറവ് തിരിച്ചറിയൽ
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടൽ
- Ten frame ന്റെ സഹായത്തോടെ കൂട്ടങ്ങൾ ആക്കൽ

സെപ്റ്റംബർ

- സംഖ്യ ഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റസംഖ്യകൾ തമ്മിൽ സങ്കലനം
- പദസൂര്യൻ, മാന്ത്രികചതുരം – സങ്കലനം, വ്യവകലനം
- ഗണതക റ്റ ലെ സാധനങ്ങശ ഉപയോഗ ച്ച
- ഗണിതക്രിയകളിൽ ഏർപ്പെടൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്നെ തിരിച്ചറിവ്,
- സംഖ്യഗാനം ആലപിക്കൽ

ഒക്ടോബർ

- ഒന്നിടവിട്ട സംഖ്യകൾ (ഒറ്റസംഖ്യ,ഇരട്ടസംഖ്യ) പാറ്റേൺ
- വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ
- ജ്യാമിതീയരൂപങ്ങൾ നിർമ്മിക്കൽ
- കുട്ടികാരെ കണ്ടെത്തി സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കുന്നു
- ഉല്ലാസ ഗണിതം കളികൾ
- ഐസിടി സാധ്യത.

നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഗണിതപ്രവർത്തനങ്ങൾ ആസ്വാദകരമാക്കാൻ worksheets നൽകുന്നു
- ഒരക്ക സാഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ (10+1=11)
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ

### ഡിസംബർ

- സംഖ്യകൾ അവരോഹണ, ആരോഹണ ക്രമത്തിൽ എഴുതൽ.
- ഗണിത ആൽബം തയ്യാറാക്കൽ
- സാഖ്യകളെ സുന്ദരിയാക്കൽ പ്രവർത്തനങ്ങൾ.

### ജനുവരി

- വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പലവിധ രൂപങ്ങൾ നിർമ്മിക്കുന്നു.
- കടലാസുപയോഗിച്ച് പലവിധ രൂപങ്ങൾ നിർമ്മിക്കുന്നു.

### ഫെബ്രുവരി

- ഗണിതം – ആൽബം പ്രദർശനം
- ഗണിത മഞ്ചാടി, സംഖ്യസൂര്യൻ, ആൽബം തയ്യാറാക്കൽ പ്രദർശനം
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ

### മാർച്ച്

- ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം worksheet നൽകൽ
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ
- ICT സാധ്യതയിൽ ഉല്ലാസഗണിത പ്രവർത്തനങ്ങൾപരിചയപ്പെടാനവസരം ഒരുക്കൽ

GFLPS, Aroor

## English

## Aims

- Listen stories rhymes etc.
- Speak simple sentences in English
- Read simple words or sentences
- Write according to the instructions

## Activities

### June

- ✔ Provide picture cards
- ✔ Introducing simple words

### July

- ✔ says familiar words
- ✔ Identify familiar words.
- ✔ write familiar words
- ✔ read familiar words

### August

- ✔ enjoy songs
- ✔ sings with rhythm and action

### September

- ✔ read and write simple words & sentence
- ✔ Describes orally about pictures and objects using adjectives
- ✔ Provides picture cards and reading card

### October

- ✔ Introduce symbol picture descriptions.
- ✔ Make word chain, sentence chain.
- ✔ Make riddles.

G L P S , Aroor

- ✔ Describing words, rhyming words.
- ✔ Text book activities.

## November

- ✔ preparing reading cards with the simple sentence December
- ✔ provide more opportunity to speak English
- ✔ Writes five English words

## December

- ✔ Read and understand simple instructions in the classroom.
- ✔ Encourage digital reading.

## January

- ✔ making picture album
- ✔ Enjoy songs and sings them with Rhythm and action.
- ✔ Collect pictures of animals and its young ones.

## February

- ✔ providing opportunity to introduce myself
- ✔ English assembly once in a week.

## March

- ✔ speak English fluently
- ✔ Read and write simple sentences
- ✔ Picture reading and picture description.

# STD II

# അക്കാദമിക മാസ്റ്റർ പ്ലാൻ

# പ്രത്യേക പ്രവർത്തന പാക്കേജ്

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025 ജൂൺ 3 മുതൽ ജൂൺ 13 വരെയുള്ള തീയതികളിൽ ലോവർ പ്രൈമറി (എൽ.പി) തലത്തിലെ വിദ്യാർത്ഥികൾക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ. അടിസ്ഥാനപരമായ ധാരണകളും കഴിവുകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ, ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രവർത്തനങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു.

പിന്തുണ സാമഗ്രികൾ:-

1) വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവറിയാൻ (കൈപ്പുസ്തകം)

2) ജീവിതപാഠം (കൈപ്പുസ്തകം)

3) a) തെളിവാനം വരയ്ക്കുന്നവർ(പുസ്തകം, അതിനായുള്ള മൊഡ്യൂൾ)

b) ലഹരി ഒരു തിരിച്ചറിവ്- കുറിപ്പ്

4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)

5) മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം

6)ഹരിതവിദ്യാലയം പ്രവർത്തനമാർഗ്ഗരേഖ

7) ആരോഗ്യം, വ്യായാമം, കായികക്ഷമത

- കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ
- ഉല്ലാസപ്പറവകൾ- കൈപ്പുസ്തകം
- സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ
- ആക്റ്റിവിറ്റി ബുക്ക്
- ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ
- സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

## എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

### 2025 ജൂൺ 3: പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം. നിലവിലുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.
  - അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.

- വിദ്യാലയത്തെ പരിചയപ്പെടുത്തൽ: സ്കൂളിന്റെ വിവിധ ഭാഗങ്ങളായ ലൈബ്രറി, ലാബ്, സ്റ്റാഫ് റൂം, ക്ലാസ് മുറി, ഓഫീസുകൾ (ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കുറിച്ചുള്ള അറിവുകളോടെ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ നടപടികൾ, പാഠ്യേതര പ്രവർത്തനങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ, കളിക്കുള്ള സൗകര്യങ്ങൾ, പദ്ധതികൾ (പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, ... ), ... എന്നിവയെക്കുറിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തൽ പ്രവർത്തനങ്ങൾ സഹായിക്കും.
- ദിനചര്യ: നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ തയ്യാറാക്കൽ, ലഘുവായ കളികൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

**2025 ജൂൺ 4:** സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - റോഡ് സുരക്ഷാ ചർച്ച: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്താം.
  - മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കുട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തുക.
  - സ്കൂൾ വാഹന സുരക്ഷ: സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

**2025 ജൂൺ 5:** ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം , **മാലിന്യമുക്ത വിദ്യാലയം**

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - വ്യക്തിഗത ശുചിത്വം **(10 മിനിറ്റ്):**
    - ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
    - ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ചീകിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).
    - എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
    - ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
  - പരിസര ശുചിത്വം **(20 മിനിറ്റ്):**
    - അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്മുറി, സാധനങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, സ്റ്റാഫ് റൂം, അടുക്കള/ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.
    - നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

- ഹരിത കാമ്പസ് (20 മിനിറ്റ്):
  - സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.
  - ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ.
- വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):
  - സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.

## 2025 ജൂൺ 9: പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം, ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ ധാരണ വളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - തലമുടി മുതൽ കാൽ വരെ പരിപാലനം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:
    - തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ഭംഗിയായി ചീകുക.
    - മുഖം: ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.
    - കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക.
    - മൂക്ക്: മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തൂവാല ഉപയോഗിക്കുക.
    - വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ കുടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.
    - ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.
    - കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക. നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകുക.
    - പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.
    - ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.
  - പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം. ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക. ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ് വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS പിങ്ക്/നീല ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ. ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.
  - കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും

ടാബ്‌ലെറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക. തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കുറവാക്കുക. നീലവെളിച്ചം ഫിൽട്ടറുകൾ ശ്രദ്ധയോടെ ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് "20-20-20-20 നിയമം" പാലിക്കുക.

- ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. എന്തെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കഴിച്ച് കഴിഞ്ഞാൽ ഉടനെ പല്ലുകൾ കഴുകുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃദുവായ ബ്രഷും ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത്പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.
- വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.
- മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

## 2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നതെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ചുവടെപറയുന്ന പ്രയോജനപ്പെടുത്താവുന്നതാണ്. കാര്യങ്ങൾ ചർച്ചാസൂചകമായി

- ➢ രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ➢ ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ➢ ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- ➢ കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
- ➢ കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
- ➢ സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
- ➢ ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.
- ➢

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും
ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള

നിയന്ത്രിക്കാൻ പ്രോത്സാഹിപ്പിക്കുക.

- സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കുട്ടികളെ അവയിലേക്ക് ആകർഷിക്കുക.

- കൗൺസിലിംഗ് സഹായം:
  - അമിതമായി മൊബൈൽ ഉപയോഗിക്കുന്നവരോ, ലഹരിക്ക് അടിമപ്പെട്ട സാഹചര്യമുള്ളതോ ആയ കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.
  - രക്ഷിതാക്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം നൽകുകയും കുട്ടികളെ നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- മാതൃകയാവുക:
  - അധ്യാപകരും രക്ഷിതാക്കളും മൊബൈൽ ഫോണിന്റെയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
  - ക്ലാസ് റൂമുകളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.



**2025 ജൂൺ 11:** പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ:

- അവബോധ ക്ലാസുകൾ:
  - പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുക.
  - പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.
- ശുചീകരണ യജ്ഞങ്ങൾ:
  - സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.
- മാതൃകാപരമായ പെരുമാറ്റം:
  - പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.
  - പൊതു ടോയ്‌ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.
- ചുവർ ചിത്രങ്ങളും സന്ദേശങ്ങളും:
  - പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുവർ ചിത്രങ്ങൾ വരയ്ക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.

**2025 ജൂൺ 13:** രാസലഹരി, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുടെയും മൊബൈൽ അഡിക്ഷന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവയിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നതാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പ്രധാന പ്രവർത്തനങ്ങൾ:

- ബോധവൽക്കരണ സെമിനാറുകൾ:
  - രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കുക.
  - മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- ലഘുലേഖകളും പോസ്റ്ററുകളും:
  - ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.
  - വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
- ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:
  - പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ

Downloaded from https://textbooksall.blogspot.com/

| | | | | | |
|---|---|---|---|---|---|
| മൂന്നക്ക സംഖ്യയെ നൂറുകളും പത്തുകളും ഒന്നുകളും കൂട്ടങ്ങളാക്കി മാറ്റാം. | ഒരു കൂട്ടം സംഖ്യകളെ താരതമ്യം ചെയ്യുന്നു; മൂന്നക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ പിരിച്ചെഴുതുന്നു; | • സ്ട്രോ കൂട്ടം<br>• പെൻസിലിന്റെ വില<br>• എന്റെ ശേഖരം<br>• സ്കൂൾ സ്റ്റോർ<br>• ഞാനാരെന്നു പറയാമോ | • അബാക്കസ് | | കൂട്ടങ്ങളാക്കുന്നു; പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു; |
| മൂന്നക്ക സംഖ്യകളെ ആരോഹണ / അവരോഹണ ക്രമത്തിൽ എഴുതൽ | മൂന്നക്ക സംഖ്യകളെ താരതമ്യം ചെയ്യുന്നു; വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു. | • സംഘാടനത്തിന്റെ സമ്മാനം | | ഗണിതം, കായികം | സംഖ്യകളെ ആരോഹണ / അവരോഹണ ക്രമത്തിൽ എഴുതുന്നു; |
| എണ്ണിയെടുക്കുന്നതിനും ക്രമം സൂചിപ്പിക്കുന്നതിനും സംഖ്യകൾ ഉപയോഗിക്കുന്നു; | കൃത്യമായി എണ്ണുന്നു; ഒരു കൂട്ടം വസ്തുക്കൾക്ക് നമ്പർ നൽകുന്നു. | • പെൻസിൽ കമ്പനി<br>• പെൻഷൻ വന്നു<br>• ആരോഗ്യ സർവേ | • സംഖ്യാ സ്ട്രിപ്പ്<br>• ചെക്കുകൾ | സാമൂഹ്യ ബോധം | ഒരുകൂട്ടം വസ്തുക്കളെ കൃത്യമായി എണ്ണുന്നു; ക്രമത്തിൽ എഴുതുന്നു; |
| ഒരു സംഖ്യ പാറ്റേണിലെ അടുത്തടുത്ത സംഖ്യകൾ തമ്മിൽ നിയമമായ ബന്ധമുണ്ട്. സംഖ്യകളുടെ യുക്തി മനസ്സിലാക്കി തുടർച്ചയെഴുതുന്നു; | സംഖ്യ പാറ്റേണുകളിലെ യുക്തി സമർത്ഥിക്കുന്നു; തുടർച്ചയെഴുതുന്നു; പുതിയ സംഖ്യ പാറ്റേണുകൾ രൂപീകരിക്കുന്നു. | • കളം നിറയ്ക്കാം<br>• ഡ്രാഗൺ<br>• പാറ്റേൺ പൂർത്തിയാക്കാം<br>• വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കാം. | • സംഖ്യാമാല | | സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കുന്നു; പുതിയ പാറ്റേണുകൾ നിർമിക്കുന്നു; |
| നാണയങ്ങളും കറൻസികളും ഉപയോഗിച്ചാണ് ക്രയവിക്രയം നടത്തുന്നത്. | നാണയങ്ങളുടെയും കറൻസികളുടെയും മൂല്യം തിരിച്ചറിയുന്നു; താരതമ്യം ചെയ്യുന്നു; | • പെൻസിലിന്റെ വില<br>• നോട്ടുകളുടെ എണ്ണം<br>• ബാങ്കിൽ പണമടയ്ക്കാം. | • കളിനോട്ടുകൾ<br>• ചെക്കുകൾ | മിതവ്യയം | നാണയങ്ങളും കറൻസികളുമായി ബന്ധപ്പെട്ട കളികൾ, പ്രവർത്തനങ്ങൾ കുട്ടികൾ |

യൂണിറ്റ് 5: ഒന്നായ് ചേരാം, നന്നായ് വളരാം

| പഠനലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
